PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Tuesday, the 11th October 1955.

Vol. XIV] OFFICIAL REPORT [No. 6

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock, on Tuesday, the 11th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മി. സ്പീക്കർ : ഇന്നത്തെ മിക്ക ചോദ്യങ്ങളും ഒരു ഗ്രൂപ്പത്തിലല്ലെങ്കിൽ മറ്റൊരു ഗ്രൂപ്പിൽ ഈ സഭയിൽ ഉത്തരം പറഞ്ഞിട്ടുള്ളവയാണ്. അതുകൊണ്ട് പെട്ടെന്ന് ചോദ്യങ്ങൾ കടന്നുപോകാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മറ്റൊരു കാര്യവും എനിക്കിവിടെ അറിയിക്കുവാനുണ്ട്. എല്ലാവരും സമ്മതിക്കുന്നപക്ഷം എട്ടുമണിതൊട്ട പത്തുമണിവരെ സപ്ലിമെന്ററി ഗ്രാന്റ് ചർച്ചയ്ക്കെടുക്കാം. ചോദ്യങ്ങൾ എല്ലാം തന്നെ ഒരു ഗ്രൂപ്പത്തിൽ അല്ലെങ്കിൽ മറ്റൊരു ഗ്രൂപ്പത്തിൽ ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. സി. ജാർജ്ജ് : കപ്പസ്റ്റ്യൻ ടൈം അര മണിക്കൂറെങ്കിലും വച്ചിട്ട് ബാക്കിയുള്ള സമയം മറ്റ് ബിസിനസ്സിന് ഉപയോഗിക്കാം. എത്രയും മെമ്പറന്മാർക്ക് ഇന്നത്തെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം ചില ഉത്തരങ്ങൾ അറിയണമെന്ന് ആഗ്രഹമുണ്ട്.

തൊഴിൽസമരങ്ങൾ.

*249. [1] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ:

(എ) കഴിഞ്ഞ തിരുവിതാംകൂർ–കൊച്ചി നിയമസഭയുടെ ശേഷമുള്ള കാലത്തിൽ ഇന്നോളം (15-6-55) തിരുവിതാംകൂർ–കൊച്ചിയിലാകെ എത്ര തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ എത്ര സമരങ്ങളിൽ ഇണ്ടാ ആക്രമണവും കത്തിക്കുത്തും കൊലപാതകവും അനുബന്ധമായി സംഭവിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സ്) ഏതെല്ലാം സമരങ്ങളിലാണ് മാരകമായ ഏറ്റമുട്ടലുകൾ ഉണ്ടായത്; മരിച്ചവരാരെല്ലാമാണ്;

(ഡി) നെടുമങ്ങാട് താലൂക്കിൽ പൊന്നാൻചുണ്ട് തൊഴിൽത്തർക്കത്തിൽ സംഭവിച്ച കൊലപാതകത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി അതിന്മേൽ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചോദ്യത്തിൽ പൊഴിൽ സമരം എന്ന പദം എന്തർത്ഥത്തിലാണ് ചോദ്യകർത്താവ് ഉപയോഗിച്ചിട്ടുള്ളതെന്ന് അറിയാതെ ഈ ചോദ്യത്തിന് ഉത്തരം പറയാൻ സാധ്യമല്ല.

(ബി) ഉത്തരം ഉദിക്കുന്നില്ല.

(സ്) ഉദിക്കുന്നില്ല.

(ഡി) നെടുമങ്ങാട് താലൂക്കിൽ പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ നടന്ന കൊലപാതകത്തെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : ഈ കൊലപാതകത്തെ സംബന്ധിച്ച് വല്ല പരാതികളും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മരിച്ച ആളിൽ താല്പര്യമുള്ള വരുടേയും, സമുദായത്തിൻറെയും പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : മരിച്ച വിദ്യാധരനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരുന്ന സമയം വഴിയിൽ വച്ച് മതവാളയുടെ ആൾക്കാർ തടസം വരുത്തിയതുമൂലമാണ് അയാളുടെ മരണത്തിന് ഇടയായതെന്ന് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അത്തരത്തിലാണോ പരാതി കിട്ടിയിട്ടുള്ളതെന്ന് ഏതായാലും പറയാൻ നിവൃത്തിയില്ല. ഞാൻ ഇപ്പോൾ എക്സാക്റ്റായിട്ടുള്ള കാര്യങ്ങൾ അല്ലാതെ പറഞ്ഞാൽ അതു ഫയലിനുതന്നെ ദോഷം ഉണ്ടാകുന്നതാണ്.

പുതിയ വ്യവസായസ്ഥാപനങ്ങൾ.

*250. [2] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തൊഴില്ലായ്മ പരിഹാരാർത്ഥം നമ്മുടെസ്റ്റേറ്റിൽ എത്ര പുതിയ വ്യവസായസ്ഥാപനങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നു; അവ ഏതെല്ലാം; എവിടെല്ലാമാണ് ആരംഭിക്കുവാനുദ്ദേശിക്കുന്നത്;

(ബി) നമ്മുടെ കപ്പയിൽനിന്ന് സ്റ്റാർച്ച്, സാഗോ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്റ്ററി സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിൽ വകകണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്നു;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ ഏറ്റവുമധികം മരച്ചീനി ഉൽപ്പാദിപ്പിക്കുന്ന നെടുമങ്ങാട് താലൂക്കിൽ ഇത്തരത്തിലുള്ള ഒരു വ്യവസായം സ്ഥാപിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly